(ഡി &ഇ) വ്യാജമദ്യത്തിന്റെ ഉൽപാദനവും, വിതരണവും, വിപണനവും തടയുന്നതിനായി ജില്ലാ ബ്ലോക്കുതലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഇപ്പോൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. ബ്ലോക്കുതല കമ്മിറ്റികൾ ഗ്രാമീണ തലത്തിലുള്ള ജനകീയ കമ്മിറ്റികളാണ്.

സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള വനഭൂമി

55 (2768) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം റിസർവ്വ് ഫോറസ്റ്റായും വെസ്റ്റഡ് ഫോറസ്റ്റായും ലീസ്ഡ് ഫോറസ്റ്റായും എത്ര ഏക്കർ വനഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) 1971-ൽ പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റഡ് ആക്ട് പാസ്സായശേഷം സ്വകാര്യ വ്യക്തികൾക്ക് എത്ര ഏക്കർ വനം 2000 ഫെബ്രുവരി 15 വരെ വിട്ടു കൊടുക്കേണ്ടിവന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ലീസ് റെന്റ് വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എത്ര വനം വീതമാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) 1998-99 സാമ്പത്തിക വർഷം ലീസ് റെന്റ് ഇനത്തിൽ സ്വകാര്യ വ്യക്തികളിൽനിന്നും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും എന്തു തുകവീതം പിരിഞ്ഞു കിട്ടി എന്ന് വ്യക്തമാക്കുമോ ;

(ഇ) ലീസ് റെന്റ് ഏകീകരിക്കുന്നതുവഴി എത്ര കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകും എന്നാണ് സർക്കാർ പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാനത്തെ വനത്തെക്കുറിച്ച് ശരിയായ റിപ്പോർട്ട് സർക്കാരിന്റെ കൈവശം ഉണ്ടോ ; വിശദമാക്കാമോ ;

(ജി) ആധുനിക സാങ്കേതിക വിദ്യയായ 'സാറ്റലൈറ്റ് ഇമേജിംഗ്' ഉപയോഗിച്ച് കേരളത്തിന്റെ വനത്തെക്കുറിച്ച് അടിയന്തിരമായി സർവ്വേ നടത്താൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) പാട്ടമായും പട്ടയമായും നൽകിയിട്ടുള്ളതും കോടതി വിധികളിലൂടെ സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയിട്ടുള്ളതുമായ വനഭൂമി നഷ്ടപരിഹാരം കൊടുക്കാതെ ഏറ്റെടുക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം ഉടൻ നടത്തുമോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം റിസർവ്വ് ഫോറസ്റ്റായി 9156.98 ചതുരശ്ര കി.മീ. ഉം വെയ്റ്റഡ് ഫോറസ്റ്റായി 1754.15 ചതുരശ്ര കി.മീ. ഉം ലീസ്സ്ഡ് ഫോറസ്റ്റായി 600.90 ചതുരശ്ര കി.മീ. ഉം വനഭൂമിയാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000 ഫെബ്രുവരി 15 വരെ 11630 ഏക്കർ ഭൂമി മുൻ ഉടമസ്ഥർക്ക് വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തു.

(സി) സ്വകാര്യ മേഖലയിൽ 13024.29 ഹെക്ടറും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 47066.10 ഹെക്ടറും വനഭൂമിയാണ് പാട്ടത്തിനു നൽകിയിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ലീസ്റെന്റ് ഏകീകരിക്കുന്നതുവഴി ഏകദേശം 10 കോടി രൂപയുടെ അധികവരുമാനം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) ഉണ്ട്. സംസ്ഥാനത്തെ വനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന 1997-98 വർഷം വരെയുള്ള റിപ്പോർട്ട് ലഭ്യമാണ്.

(ജി) ഇന്ത്യയിലെ വനങ്ങളുടെ വിസ്തൃതിയെക്കുറിച്ച് കാലാകാലങ്ങളിൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ എന്ന സ്ഥാപനം ഉപഗ്രഹ നിരീക്ഷണത്തിലൂടെ വന വിസ്തൃതി തിട്ടപ്പെടുത്തുന്നുണ്ട്.

(എച്ച്) പാട്ടമായോ പട്ടയമായോ നൽകിയതോ സ്വകാര്യ വ്യക്തികൾ കോടതി വിധികളിലൂടെ കൈവശപ്പെടുത്തിയതോ ആയ വനഭൂമികളിൽ പാരിസ്ഥിതിക പ്രാധാന്യം ഉള്ളവ ഏറ്റെടുക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന ഒരു നിയമ നിർമ്മാണത്തിന് സർക്കാർ രൂപം നൽകിവരുന്നു.

ഓരോ നിയോജക മണ്ഡലത്തിലുമുള്ള വനത്തിന്റെ വിസ്തൃതി

56 (2769) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓരോ നിയോജകമണ്ഡലത്തിലുമുള്ള വനത്തിന്റെ വിസ്തൃതി എത്രയാണ് ;

(ബി) ഓരോ നിയോജകമണ്ഡലത്തിലും വനത്തിൽ കൂടിയുള്ള റോഡുകൾ പുനരുദ്ധരിക്കുവാൻ വനംവകുപ്പു കഴിഞ്ഞ മൂന്നരവർഷത്തിനിടയിൽ എത്രരൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഏതൊക്കെ റോഡുകൾ പുനരുദ്ധരിക്കുവാൻ ജനപ്രതിനിധികൾ നിവേദനം നൽകിയിട്ടുണ്ട് ;

(ഡി) ഓരോ റോഡുകളും സഞ്ചാര യോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly